**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.695**

**09.02.2016 ൽ മറുപടിയ്ക്ക്**

## കേരളോൽസവങ്ങളിലെ പങ്കാളിത്തം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സാജു പോൾ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) കേരളോൽസവങ്ങളിലെ പങ്കാളിത്തക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്.കേരളോത്സവത്തിന്റെ പ്രാഥമിക തലങ്ങളിൽ കലാമത്സര വിഭാഗത്തിൽ ആണ് പങ്കാളിത്ത കുറവ് വന്നിട്ടുള്ളത്. ദേശീയ യുവോത്സവ ഇനങ്ങളായ വീണ, കഥക്, മണിപ്പൂരി, ഒഡീസി, സിത്താർ, ഹാർമോണിയം, വായ്പ്പാട്ട് തുടങ്ങിയ ഇനങ്ങളിലും ഇതേ പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ദേശീയ യുവോത്സവ ഇനങ്ങളിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പ്രാഥമിക തലത്തിൽ മത്സരിച്ച് വിജയിക്കുന്നവരോടൊപ്പം മറ്റ് മത്സരാർത്ഥികൾക്ക് ജില്ലാതലത്തിൽ നേരിട്ട് രജിസ്റ്റർ ചെയ്ത് മത്സരിക്കുവാൻ അവസരം ഒരുക്കിയിട്ടുണ്ട്. ഇതുമൂലം പങ്കാളിത്തം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. |
| ബി) 2015-ൽ ഗ്രാമപഞ്ചായത്ത് തലത്തിൽ കേരളോത്സവം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; | ബി) കേരളോത്സവ പ്രാഥമികതല മത്സരങ്ങൾ ഓണാഘോഷങ്ങളുടെ ഭാഗമായാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുന്നത്. എന്നാൽ 2015 വർഷത്തിലെ പ്രാഥമികതല മത്സരങ്ങൾ സംഘടിപ്പിക്കുന്ന സമയത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനാൽ പ്രാഥമികതല മത്സരങ്ങൾ നടത്തുവാൻ അനുവദിച്ച സമയപരിധിക്കുള്ളിൽ നാമമാത്രമായ ഗ്രാമപഞ്ചായത്തുകൾ മാത്രമേ സംഘടിപ്പിച്ചിരുന്നുള്ളൂ. ഈ സാഹചര്യം പരിഗണിച്ചും പുതിയ ഭരണസമിതി ചുമതലയെടുത്ത ശേഷം ഗ്രാമപഞ്ചായത്ത് തലത്തിൽ കേരളോത്സവം സംഘടിപ്പിച്ച് ഡിസംബറിൽ സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുവാൻ കഴിയില്ല എന്നുള്ളത് വിലയിരുത്തി ബ്ലോക്ക്തലം മുതൽ കേരളോത്സവം നടത്തുവാൻ തീരുമാനം |

എടുക്കുകയും, കേരളോത്സവം ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്നതിനാൽ വർദ്ധിച്ച പങ്കാളിത്തം ഉണ്ടാകുമെന്നതിനാൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിക്കുന്ന ഗ്രാന്റ് തുകയായ 30,000/- രൂപ, 60,000/- രൂപയായി വർദ്ധിപ്പിച്ച് നൽകുകയും ചെയ്തു.

സി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കേരളോൽസവത്തിൽ എത്ര പേർ മത്സരാർത്ഥികളായി പങ്കെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ;

സി) സർക്കാർ അധികാരമേറ്റശേഷമുള്ള കേരളോത്സവത്തിൽ പങ്കാളികളായവരുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. 2015 ലെ വിവരങ്ങൾ ലഭ്യമായത് ഉൾപ്പെടുത്തിയിട്ടുണ്ട്.

| ജില്ല | 2011 | 2012 | 2013 | 2014 | 2015 |
|---|---|---|---|---|---|
| തിരുവനന്തപുരം | 41270 | 39666 | 43160 | 53060 | --- |
| കൊല്ലം | 31364 | 31000 | 32364 | 30728 | --- |
| പത്തനംതിട്ട | 54509 | 63270 | 57160 | 42966 | --- |
| ആലപ്പുഴ | 37940 | 39930 | 43500 | 46170 | --- |
| കോട്ടയം | 39654 | 41500 | 39680 | 42800 | 4750 |
| ഇടുക്കി | 24600 | 32400 | 35500 | 38500 | 5963 |
| എറണാകുളം | 113850 | 15325 | 15810 | 104180 | 13700 |
| തൃശ്ശൂർ | 66352 | 67168 | 52111 | 59687 | --- |
| പാലക്കാട് | 7015 | 7000 | 6800 | 2500 | --- |
| മലപ്പുറം | 8345 | 8435 | 8685 | 4211 | 134697 |
| കോഴിക്കോട് | 47350 | 50125 | 52075 | 55410 | 57404 |
| വയനാട് | 6120 | 6325 | 6300 | 6600 | 4238 |
| കണ്ണൂർ | 56500 | 57000 | 57000 | 65900 | 42539 |
| കാസർഗോഡ് | 25665 | 27294 | 27595 | 28891 | 22450 |

| | |
|---|---|
| ഡി) സംസ്ഥാനതല കേരളോത്സവ ത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം നേടുന്നവർക്ക് സർക്കാർ ജോലി കിട്ടാൻ വെയിറ്റേജ് നൽകാൻ തയ്യാറാകുമോ? | ഡി) കേരളോത്സവ വിജയികൾക്ക് സർക്കാർ ജോലി കൾക്ക് വെയിറ്റേജ് മാർക്ക് നൽകേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**